ഏറെടുത്തു കഴിഞ്ഞിട്ടുണ്ട്. അവിടെ ഒരു ഡോക്ടറെയും ഒരു നേഴ്സിനെയും നിയമിച്ചിട്ടുണ്ട്. 39 സെൻറ് സ്ഥലവും കെട്ടിടവും ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിൽ നിന്ന് ഏറെടുക്കാനുള്ള ഉത്തരവ് നൽകുന്നതിനുള്ള നടപടികളും എടുത്തു കഴിഞ്ഞു. ഇനി ആവശ്യമായ ബാക്കി തസ്തികകളും, ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്, ഒരു നേഴ്സിംഗ് അസിസ്റ്റൻറ്, ഒരു ഫോസ്പിറ്റൽ അറ്റൻറർ, ഒരു പാർട്ട് ടൈം സ്വീപ്പർ—ഈ നാലു തസ്തികകളുടെ അനുവാദത്തിനായി ഫൈനാൻസിലേക്ക് കടലാസ് പോയിരിക്കുകയാണ്. അത് കിട്ടിക്കഴിഞ്ഞാൽ നിയമനം നടത്തും. ഏതായാലും അത് ഒരു അനാഥ ശിശുവല്ല. നാഥനുള്ള ശിശുവായതുകൊണ്ട് മറൊരു നിലയ്ക്ക് ഉള്ള സമീപനം ആവശ്യമില്ല.

(17) വെട്ടൂർ ഗവൺമെൻറ് ഹൈസ്ക്കൂളിൻെറ ശോചനീയാവസ്ഥ

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, വർക്കല മണ്ഡലത്തിൽപ്പെട്ട ഒരു പ്രധാന കാര്യം സഭയുടെയും മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുവാനാണ് ഞാൻ ഈ സബ്മിഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇസ്ലാംമത വിശ്വാസികളായ പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ പിഞ്ചു കുട്ടികളുടെ കണ്ണ് തെളിയട്ടെ എന്ന ഉദ്ദേശത്തോടുകൂടി യശഃശരീരനായ സി. എച്ച്. മുഹമ്മദ് കോയയുടെ കാലത്താണ് വെട്ടൂരിലെ ഈ സ്കൂൾ ഹൈസ്കൂളായി പ്രവർത്തനം തുടങ്ങിയത്. അന്നു തന്നെ പാവപ്പെട്ട മൽസ്യം പിടിക്കുന്ന തൊഴിലാളികൾ അവരുടെ ശമ്പളമെല്ലാം നീക്കിവച്ച് സ്കൂൾ കെട്ടിടം കെട്ടിക്കൊടുത്തു. സെമി പെർമനൻറ് ഷെഡ്ഡുകളാണ് കെട്ടിക്കൊടുത്തത്. എന്നാൽ ആ ഷെഡ്ഡുകളെല്ലാം ഇന്ന് മേൽക്കൂര പോലും ഇല്ലാതായി തീർന്നിരിക്കുകയാണ്. ആ മേൽക്കൂരയില്ലാത്ത സ്ക്കൂളുകളിൽ മൂന്നു ഷിഫ്റ്റ് വച്ചാണ് പഠിത്തം നടക്കുന്നത്. ഞാൻ ഈ പറയുന്നത് ജനങ്ങളുടെ ജീവിത പ്രശ്നമാണ്. അങ്ങനെ മേൽക്കൂരയില്ലാത്ത അവിടെ പഠിത്തം നടക്കുകയാണ്. മഴപെയ്താലും വെള്ളം പുറത്തു പോവുകയില്ല. അങ്ങനെയുള്ള വളരെ പരിതാപകരമായ പരിതഃസ്ഥിയിലാണ് പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്നത്. അവിടെ ബഞ്ചില്ല, ഡസ്ക്കില്ല, മൂത്രപ്പുരയില്ല. അതൊക്കെ സഹിക്കാം. പക്ഷെ കെട്ടിടമില്ല. ഈ സ്കൂളിന് ഒരു കെട്ടിടത്തിനുവേണ്ടി നേരത്തെ ഒരു എസ്റ്റിമേറ് സാംഗ്ഷൻ ചെയ്തിരുന്നു. അതെല്ലാം പോയി ഇപ്പോൾ കെട്ടിടമില്ലാതിരിക്കുകയാണ്. 'കേരള കൗമുദി' പത്രത്തിൽ ഈ സ്കൂളിനോടുള്ള അവഗണനയെക്കുറിച്ച് വളരെ പ്രാധാന്യത്തോടുകൂടി വാർത്തയും വന്നു. എം. എൽ. എ. യും അവഗണിക്കുകയാണെന്നു വന്നു കൂടല്ലോ ? അവഗണന ഇവരുടെ ഒരു സ്ഥിരം പരിപാടിയാണെങ്കിലും ഈ സഭയുടെ ശ്രദ്ധയിൽപെടുത്തുകയും എന്തെങ്കിലും നടക്കണമെന്നുള്ള വിചാരത്തോടുകൂടിയുമാണ് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി ഈ സ്കൂൾ കെട്ടിട നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ച് പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ കുഞ്ഞുങ്ങളെ രക്ഷിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, അദ്ദേഹം പറഞ്ഞ കൂട്ടത്തിൽ സ്കൂളുകൾക്ക് മൂത്രപ്പുരയില്ലെന്നും ബഞ്ചില്ലെന്നും പറഞ്ഞു. അത് രണ്ടും ഞാൻ നിഷേധിക്കുകയാണ്. അങ്ങനെ ഒരു സംഗതി ഉണ്ടാകരുതെന്നുള്ളതുകൊണ്ടു തന്നെ അതിനുള്ള നടപടികളും ഞങ്ങൾ പൂർത്തിയാക്കുകയും പ്രാഥമിക സൗകര്യങ്ങൾ കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിലും ഈ ഗവൺമെൻറ് വന്നതിനുശേഷം ഫർപ്പെടുത്തിയിട്ടുണ്ട്. അതു കൊണ്ട് ആ സ്കൂളിലും അതുണ്ടെന്നുള്ള കാര്യത്തിൽ നൂറു ശതമാനവും ഉറപ്പാണ്. കെട്ടിടത്തിന്റെ അപര്യാപ്തതയെ സംബന്ധിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിച്ച സംഗതി ശരിയാണ്. ഷിഫ്റ്റും അതിപോലെ തന്നെ സെഷണൽ സമ്പ്രദായവും നിലനിൽക്കുന്ന ഒരു സ്കൂളാണ് അത്. അവിടെ അക്കോമഡേഷന്റെ കാര്യത്തിൽ പ്രയാസമുണ്ട്. അതുനുവേണ്ടി നേരത്തെ ഒരു എസ്റ്റിമേറ്റ് എടുക്കുകയും 1980-ൽ അതിനുവേണ്ടി ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. പക്ഷേ ഫണ്ടിന്റെ അപര്യാപ്ത കാരണം പിന്നീട് ആ പ്രവർത്തനം ഏറ്റെടുക്കാൻ കഴിഞ്ഞില്ല. ഇപ്പോഴും അത് മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തി ഈ ജോലി ഏറ്റെടുക്കുന്നതിനുള്ള നടപടികളും ഗവൺമെൻറ് സ്വീകരിച്ചു വരികയാണ്.

(18) കൊടുങ്ങല്ലൂർ ശുദ്ധജല വിതരണ പദ്ധതി

ശ്രീ. വി. കെ. രാജൻ : സർ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ മേത്തല പഞ്ചായത്ത് ഉൾപ്പെട്ട പ്രദേശത്ത് ശുദ്ധജല വിതരണം നടത്തുന്നതിനായുള്ള കൊടുങ്ങല്ലൂർ ശുദ്ധജല വിതരണ പദ്ധതിയുടെ ഉൽഘാടനം കഴിഞ്ഞിട്ട് ഒരു വർഷമായി. എന്നാൽ ഉപ്പുവെള്ളം കുടിച്ചു കഴിയുന്ന പ്രദേശങ്ങളിൽ ആവശ്യമായ എല്ലാ സ്ഥലത്തും പൈപ്പുകളും ഇനിയും ഇട്ടിട്ടില്ല. പൈപ്പുകളും ഇട്ട സ്ഥലത്ത് പൈപ്പുകളും സ്ഥിരമായി പൊട്ടിക്കൊണ്ടിരിക്കുന്നു. അങ്ങനെ പൊതുസ്ഥലത്തെ ടാപ്പുകളിൽപ്പോലും വെള്ളം കിട്ടുന്നില്ല. ഉൽഘാടന ഘട്ടത്തിൽ മൂന്നു മാസത്തിനകം ആവശ്യമായ എല്ലാവർക്കും ഹൗസ് കണക്ഷൻ നൽകുന്നതാണെന്ന് അന്നത്തെ മന്ത്രി പറഞ്ഞിരുന്നു. എന്നാൽ അതിനുള്ള യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. അതിനാൽ പൈപ്പ് ആവശ്യമുള്ള മുഴുവൻ സ്ഥലത്തും പൈപ്പു ഇടുന്നതിനും പൊതു സ്ഥലത്ത് കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുന്നതിനും ഹൗസ് കണക്ഷൻ എത്രയും വേഗംനൽകുന്നതിനുമുള്ള നടപടികളും സ്വീകരിക്കണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇത് ഒരു ഓൺഗോയിങ്ങ് പ്രോജക്ട് ആണ്. ഇതിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ 300 പൈപ്പ് ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പൈപ്പ് ലൈനിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. അതുപ്പോലെ തന്നെ പബ്ലിക്ക് ടാപ്പ്സ് വേറെ നിർമ്മിക്കുന്നതിനുള്ള നടപടികളും എടുത്തു വരുന്നു. ഹൗസ് കണക്ഷൻസ് കൊടുക്കുന്നതിനുള്ള നടപടികളും നടന്നു വരികയാണ്.

(19) കണിയാംപറയിലെ ഇരട്ട കൊലപാതകം

ശ്രീ. സിറിയക് ജോൺ : സർ, അങ്ങയുടെ പാർട്ടിയുടെ മുഖപത്രമായ 'ചന്ദ്രിക' യിൽ വന്ന വാർത്തയുടെ പ്രസക്തമായ ഒരു ഭാഗം ഞാൻ വായിക്കാം. 'ഇരട്ടക്കൊല' കണിയാമ്പറ ദുഃഖത്തിന്റെ കരിനിഴലിൽ ...."മനുഷ്യമനസാക്ഷിയെഞെട്ടിച്ച കണിയാമ്പറയിലെ ഭീകരമായ ഇരട്ടക്കൊലപാതകം സൃഷ്ടിച്ചദുഃഖത്തിന്റെ കരിനിഴൽ രണ്ടാം ദിവസമായ തിങ്കളാഴ്ചയും വയനാട്ടിൽനിന്ന് വിട്ടുമാറിയിട്ടില്ല." ആ വാർത്തയെല്ലാം ഞാൻ വായിക്കുന്നില്ല സർ. "പ്രതികളെ പിടികൂടിയെന്ന വാർത്ത കേൾക്കാൻ ജനം ആകാംക്ഷയോടെ കാതോർത്തിരിക്കുകയാണ്" സർ, 28-ാം തീയതി 'ചന്ദ്രിക' യിൽ വന്ന വാർത്തയാണിത്. കഴിഞ്ഞ 25-10-1986-ൽ രാത്രിയിലാണ് ഈ സംഭവം. രണ്ടു

LIBRARY ARCHIVES Kerala Legislative Assembly